പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 100 — 04.06.2018 ൽ മറുപടിക്ക്

## ശബരിമലയ്ക്കടുത്തുള്ള നിർദ്ദിഷ്ട വിമാനത്താവളം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ശബരിമലയ്ക്കടുത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന വിമാനത്താവളത്തിന്റെ സ്ഥലം നിശ്ചയിച്ചിട്ടുണ്ടോ; | (എ) 21.07.2017 ലെ സ.ഉ(കൈ) നം. 60/2017/ഗതാ ഉത്തരവ് പ്രകാരം ചെറുവള്ളി എസ്റ്റേറ്റ് എന്നറിയപ്പെടുന്ന ഹാരിസൺ മലയാളം പ്ലാന്റേഷനെ തെരഞ്ഞെടുത്ത് ഉത്തരവായിരുന്നു. |
| (ബി) സാധ്യതാ പഠനം നടത്താനായി ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയാണ്; എത്ര നാളുകൾക്കകം സാധ്യതാപഠനം പൂർത്തിയാക്കാനാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവളത്തിന്റെ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി പഠനവും, പരിസ്ഥിതി ആഘാത പഠനവും നടത്തി വിശദമായ പഠന റിപ്പോർട്ട് നാല് മാസത്തിനുള്ളിലും, പദ്ധതിക്കാവശ്യമായ അംഗീകാരവും അനുമതിയും ഒൻപത് മാസത്തിനുള്ളിലും ലഭ്യമാക്കണം എന്ന വ്യവസ്ഥയിൽ M/s ലൂയിസ് ബർഗർ കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡിനെ 25.09.2017 ലെ സ.ഉ(കൈ) നം. 76/17/ഗതാ നമ്പർ പ്രകാരം ചുമതലപ്പെടുത്തി ഉത്തരവായിരുന്നു. |
| (സി) എത്ര ഭൂമിയാണ് വിമാനത്താവളത്തിനായി ഉപയോഗപ്പെടുത്തേണ്ടി വരികയെന്ന് വ്യക്തമാക്കുമോ ;<br>(ഡി) ഇതിന്റെ തുടർ നടപടികൾക്കുള്ള ചുമതല ആർക്കാണ് നൽകിയിരിക്കുന്നതെന്ന് അറിയിക്കുമോ? | (സി) & (ഡി) ശബരിമല വിമാനത്താവള പദ്ധതിയുടെ സാധ്യതാ പഠനത്തിനായി നിയമിച്ച കൺസൾട്ടന്റ് പഠനം ആരംഭിക്കുകയും കരട് സാധ്യതാ പഠന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കരട് റിപ്പോർട്ടിന്മേൽ ആവശ്യമായ നിർദ്ദേശങ്ങളും മാറ്റങ്ങളും ഉൾപ്പെടുത്തി അന്തിമ റിപ്പോർട്ട് സമർപ്പിച്ചു കഴിഞ്ഞാൽ മാത്രമേ ഇതു സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട ഏജൻസികളിൽ നിന്നു ആവശ്യമായ അംഗീകാരവും ക്ലിയറൻസും ഉൾപ്പെടെ എല്ലാ നടപടികളും നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിച്ച് ലഭ്യമാക്കേണ്ട ചുമതല തിരഞ്ഞെടുക്കപ്പെട്ട കൺസൾട്ടന്റിനും നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷ (കെ.എസ്.ഐ.ഡി.സി) നിലും നിക്ഷിപ്തമാണ്. |

സെക്ഷൻ ഓഫീസർ